Government of Kerala
1988

Reg. No. KL/TV(N)/12

# KERALA GAZETTE

## EXTRAORDINARY

### PUBLISHED BY AUTHORITY

Vol. XXXIII] Trivandrum, Friday, 22nd April 1988 / 2nd Vaisakha 1910 [No. 357

## കേരള സർക്കാർ

### നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

#### വിജ്ഞാപനം

നമ്പർ 3513/ലെഗ്. സി1/88/ലാ. തിരുവനന്തപുരം, 1988 ഏപ്രിൽ 22/
1910 വൈശാഖം 2.

കേരള നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു നിയമസഭ പാസാക്കിയ പ്രകാരമുള്ള ബില്ലിന്, 1988 ഏപ്രിൽ 22-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. ഗോപിനാഥപിള്ള,

നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1988

33/1585/MC.

# 1988-ലെ 13-ാം ആക്റ്റ്

## 1988-ലെ ഗാന്ധിജി സർവ്വകലാശാല (സെനററും സിൻഡിക്കേററും പിരിച്ചുവിടൽ) ആക്റ്റ്

ഗാന്ധിജി സർവ്വകലാശാലയുടെ സെനററും സിൻഡിക്കേററും പിരിച്ചുവിടുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്

പീഠിക —ഗാന്ധിജി സർവ്വകലാശാലയുടെ സെനററും സിൻഡിക്കേററും പിരിച്ചുവിടുകയും സെനററിന്റേയും സിൻഡിക്കേററിന്റേയും അധികാരങ്ങളും ചുമതലകളും ഗാന്ധിജി സർവ്വകലാശാലയുടെ വൈസ് ചാൻസിലറെ താല്ക്കാലികമായി ഏല്പിച്ചുകൊടുക്കുകയും ചെയ്യേണ്ടത് ഗാന്ധിജി സർവ്വകലാശാലയുടെ താല്പര്യത്തിനും പൊതുതാല്പര്യത്തിനും ആവശ്യമാണെന്നു കരുതുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിഒമ്പതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു —

1. ചുരുക്കപ്പേരും പ്രാരംഭവും —(1) ഈ ആക്റ്റിന് 1988-ലെ ഗാന്ധിജി സർവ്വകലാശാലാ (സെനററും സിൻഡിക്കേററും പിരിച്ചുവിടൽ) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 1987 ഡിസംബർ 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ,—

(എ) ''ഗാന്ധിജി സർവ്വകലാശാല'' എന്നതിന് 1985-ലെ ഗാന്ധിജി സർവ്വകലാശാല ആക്റ്റ് (1985-ലെ 12) പ്രകാരം രൂപീകരിക്കപ്പെട്ട ഗാന്ധിജി സർവ്വകലാശാല എന്നർത്ഥമാകുന്നു;

(ബി) ''സെനററ്'', ''സിൻഡിക്കേററ്'' എന്നിവയ്ക്ക് ഗാന്ധിജി സർവ്വകലാശാലയുടെ സെനററ് എന്നും സിൻഡിക്കേററ് എന്നും അർത്ഥമാകുന്നു;

(സി) ''വൈസ്ചാൻസിലർ'' എന്നതിന് ഗാന്ധിജി സർവ്വകലാശാലയുടെ വൈസ്ചാൻസിലർ എന്നർത്ഥമാകുന്നു.

3 . സെനററും സിൻഡിക്കേററും പിരിച്ചുവിടൽ.—1985—ലെ ഗാന്ധിജി സർവ്വകലാശാല ആക്ററിൽ (1985—ലെ 12), എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററ് ഹേതുവായി; ഈ ആക്ററിന്റെ പ്രാരംഭ തീയതിയിലും അന്നുമുതല്ക്കും സെനററും സിൻഡിക്കേററും, പിരിച്ചുവിടപ്പെട്ട നിലയിലായിരിക്കുന്നതാണ്.

4 പിരിച്ചുവിടലിന്റെ അനന്തര ഫലങ്ങൾ.—3—ാം വകുപ്പ് പ്രകാരം സെനററും സിൻഡിക്കേററും പിരിച്ചുവിടുമ്പോൾ, സെനററിലേയും സിൻഡിക്കേററിലേയും എല്ലാ അംഗങ്ങളും തങ്ങളുടെ ഔദ്യോഗികസ്ഥാനങ്ങൾ ഒഴിഞ്ഞതായി കരുതേണ്ടതാണ്.

5. സെനററിന്റേയും സിൻഡിക്കേററിന്റേയും അധികാരങ്ങളും ചുമതലകളും വൈസ്ചാൻസിലർ നിർവ്വഹിക്കണമെന്ന്.—3—ാം വകുപ്പനുസരിച്ച് സെനററും സിൻഡിക്കേററും പിരിച്ചുവിടപ്പെട്ടതിനും 6—ാം വകുപ്പനുസരിച്ച് സെനററും സിൻഡിക്കേററും പുന.സംഘടിപ്പിക്കുന്നതിനും ഇടയ്ക്കുള്ള കാലയളവിൽ, 1985—ലെ ഗാന്ധിജി സർവ്വകലാശാല ആക്ററിലെ (1985—ലെ 12), 19—ാം വകുപ്പ് (1)—ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സിൻഡിക്കേററിന്റെ നടപടി പുന:പരിശോധിക്കുന്നതിനുള്ള സെനററിന്റെ അധികാരം ഒഴികെ, സെനററിനും സിൻഡിക്കേററിനും ഉള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും സർക്കാർ തീരുമാനിക്കുന്ന പരിധിവരെ, വൈസ്ചാൻസിലർക്ക് കഴിയുന്നത്ര വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്.

6 സെനററും സിൻഡിക്കേററും പുന:സംഘടിപ്പിക്കൽ —ഈ ആക്ററ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ 1985—ലെ ഗാന്ധിജി സർവ്വകലാശാല ആക്ററിലെ (1985—ലെ 12) വ്യവസ്ഥകൾക്കനുസൃതമായി സെനററും സിൻഡിക്കേററും പുന:സംഘടിപ്പിക്കേണ്ടതാണ്.

7. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ —(1) ഈ ആക്ററിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടായാൽ, ഗവൺമെന്റിന് സന്ദർഭം ആവശ്യപ്പെടുന്നപോലെ ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുമൂലം അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്.

(2) . (1)—ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതുണ്ടാക്കിയതിന് ശേഷം കഴിയുന്നതും വേഗം നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതും ആണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 1987—ലെ ഗാന്ധിജി സർവ്വകലാശാല (സെനററും സിൻഡിക്കേററും പിരിച്ചുവിടൽ) ഓർഡിനൻസ് (1987—ലെ 7), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്ററ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതേണ്ടതാണ്.

---

© Government of Kerala
1988

Reg. No. KL/TV(N)/12

# KERALA GAZETTE

EXTRAORDINARY
PUBLISHED BY AUTHORITY

Vol. XXXIII] Trivandrum, Tuesday, 31st May 1988 / 10th Jyaistha 1910 [No. 471

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 3513|Leg. C1|88|Law. *Dated, Trivandrum, 31st May, 1988|10th Jyaistha, 1910.*

In pursuance of clause (3) of article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English language of the Gandhiji University (Dissolution of the Senate and the Syndicate) Act, 1988 (13 of 1988).

By order of the Governor,

P. GOPINATHA PILLAI,
*Special Secretary (Law).*

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1988

33|2107|MC.

(English Translation)

**ACT 13 OF 1988**

# THE GANDHIJI UNIVERSITY (DISSOLUTION OF THE SENATE AND THE SYNDICATE) ACT, 1988

(Received the assent of the Governor on the 22nd day of April, 1988 and published as Act 13 of 1988 in the Kerala Gazette Extraordinary No. 357 dated the 22nd April, 1988).

*An Act to provide for the dissolution of the Senate and the Syndicate of the Gandhiji University.*

*Preamble.*—WHEREAS it is considered necessary in the interest of the Gandhiji University and in the public interest to dissolve the Senate and the Syndicate of the Gandhiji University and to entrust the powers and functions of the Senate and the Syndicate temporarily to the Vice-Chancellor of the Gandhiji University;

BE it enacted in the Thirty-ninth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Gandhiji University (Dissolution of the Senate and the Syndicate) Act, 1988.

(2) It shall be deemed to have come into force on the 24th day of December, 1987.

2. *Definitions.*—In this Act,—

(a) "Gandhiji University" means the Gandhiji University constituted under the Gandhiji University Act, 1985 (12 of 1985);

(b) "Senate" and "Syndicate" means the Senate and the Syndicate of the Gandhiji University;

(c) "Vice-Chancellor" means the Vice-Chancellor of the Gandhiji University.

3. *Dissolution of the Senate and the Syndicate.*—Notwithstanding anything contained in the Gandhiji University Act, 1985 (12 of 1985), on and from the date of commencement of this Act, the Senate and the Syndicate shall, by virtue of this Act stand dissolved.

4. *Consequences of Dissolution.*—On the dissolution of the Senate and the Syndicate under section 3, all the members of the Senate and the Syndicate shall be deemed to have vacated their offices as such.

5. *Powers and functions of the Senate and the Syndicate to be exercised by the Vice-Chancellor.*—All or any of the powers and the functions of the Senate and the Syndicate except the power of the Senate to review the action of the Syndicate as provided in sub-section (1) of section 19 of the Gandhiji University Act, 1985 (12 of 1985), may, during the interval between the dissolution of the Senate and the Syndicate under section 3 and the reconstitution of the Senate and the Syndicate in pursuance of section 6, be exercised and performed, as far as may be, and to such extent as the Government may determine, by the Vice-Chancellor.

6. *Reconstitution of the Senate and the Syndicate.*—The Senate and the Syndicate shall be reconstituted in accordance with the provisions of the Gandhiji University Act, 1985 (12 of 1985), within one year from the date of commencement of this Act.

7. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, as occasion may require, by order, not inconsistent with the provisions of this Act, remove such difficulty.

(2) Every order made under sub-section (1) shall be published in the Gazette and shall, as soon as may be, after it is made, be laid before the State Legislature.

8. *Repeal and saving.*—(1) The Gandhiji University (Dissolution of the Senate and the Syndicate) Ordinance, 1987 (7 of 1987), is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the said Ordinance shall be deemed to have been done or taken under this Act.